മിഡിലീസ്റ്റ്
ചന്ദ്രിക
വാരാന്തപ്പതിപ്പ്
2010 മാർച്ച് 07 ശനി
sundaychandrika@gmail.com

മുഅമ്മർ ഗദ്ദാഫിയെ കാത്തു നിൽക്കുകയായിരുന്നു അവർ. നേതാവെത്തിയപ്പോൾ ജനങ്ങൾ ആഹ്ലാദത്തിമിർപ്പിലായി. മുദ്രാവാക്യങ്ങൾ മുഴക്കിയും പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ചും അവർ നേതാവിനോടുള്ള ആദരം പ്രകടിപ്പിച്ചു. മഗ്‌രിബ് ബാങ്ക് മുഴങ്ങുന്നതിനു മുക്കാൽ മണിക്കൂർ മുമ്പ് സ്വതസിദ്ധമയ രീതിയിൽ അദ്ദേഹം പ്രസംഗം തുടങ്ങി.

# ലിബിയയിലെ പസ്പന്തം

സഞ്ചാരം
മുനവ്വറലി ശിഹാബ് തങ്ങൾ

**കേരള** മുസ്‌ലിം ജനതക്ക് നബിദിനാഘോഷം സുപരിചിതമാണ്. റബീഉൽ അവ്വൽ 12 ന് നാടെങ്ങും ആഘോഷത്തിന്റെ ആരവത്തിൽ ജാഥകളും റാലികളും മൗലിദുകളും പ്രകീർത്തനങ്ങളുമൊക്കെ ഉൾപ്പെട്ട സന്തോഷത്തിന്റെ സുദിനങ്ങൾ. നാം പലപ്പോഴും കരുതുന്നത് ഈ ആഘോഷങ്ങൾ കേരളത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണെന്ന്. ഇന്ത്യയിലെവിടെ നോക്കിയാലും ഇതു കാണാൻ സാധിക്കും. ഈ രാജ്യത്ത് മാത്രമല്ല ആഗോള സമൂഹം മുഴുവനും ഈ ആഘോഷത്തിന്റെ നിർവൃതിയിലാണെന്ന് റബീഉൽ അവ്വൽ മാസത്തിൽ നടത്തിയ ലിബിയൻ സന്ദർശനത്തിൽ ബോധ്യമായി. ലിബിയൻ സർക്കാറും വേൾഡ് ഇസ്‌ലാമിക് പീപ്പിൾസ് ലീഡർഷിപ്പും സംയുക്തമായി സംഘടിപ്പിച്ച മീലാദാഘോഷ പരിപാടി ലിബിയയിലെ റബൻഹാഡിയിൽ അരങ്ങേറി. അഞ്ചു ഭൂഖണ്ഡത്തിൽ നിന്നായി 75 രാജ്യങ്ങളിൽ നിന്നെത്തിയ അഞ്ഞൂറോളം പ്രതിനിധികൾ ഇതിൽ പങ്കാളികളാകാൻ ലിബിയൻ തലസ്ഥാനമായ ട്രിപ്പോളിയിലെത്തി.

ഫെബ്രുവരി 25 ന് സംഘത്തെ പ്രത്യേക വിമാനത്തിൽ കിഴക്കൻ മേഖലയിലെ വിശ്വ വിഖ്യാതമായ ബെൻഗാസി നഗരത്തിലെത്തിച്ചു. പ്രത്യേകം സജ്ജമാക്കിയ ടെന്റിൽ പ്രതിനിധികൾ ഒരുമിച്ചു. വിവിധ രാജ്യത്തെ പ്രതിനിധികൾ അവരവരുടെ രാജ്യത്തെ പരമ്പരാഗതമായ മൗലീദ് പാരായണങ്ങൾ ഉരുവിട്ടു തുടങ്ങി.

അതിൽ ഏറ്റവും ശ്രദ്ധേയമായത് മോറോക്കൻ സംഘത്തിന്റേതായിരുന്നു. ആകർഷണീയമായ രീതിയിൽ കാവ്യഭാഷയിൽ അവർ ചൊല്ലിത്തുടങ്ങി. പ്രകീർത്തനങ്ങൾ ചുറ്റും കൂടിയവർ ഏറ്റു ചൊല്ലിയശേഷം മനസ്സ് ഏതോ ലോകത്തേക്ക് പോവുന്നതു പോലെ തോന്നി.

പിന്നീട് ഒരു ആഫ്രിക്കൻ സൂഫിവര്യന്റെ നേതൃത്വത്തിൽ നടന്ന മൗലീദ് പാരായണവും ദിഖ്റിലും ദുആകളിലും എല്ലാവരും പങ്കുചേർന്നു. 4 മണിക്ക് സംഘത്തെ ഒരു വലിയ പട്ടാള മൈതാനിയിലേക്കെത്തിച്ചു. അവിടെ പതിനായിരങ്ങൾ തടിച്ചു കൂടിയിരിക്കുന്നു.

തങ്ങളുടെ നേതാവ് മുഅമ്മർ ഗദ്ദാഫിയെ കാത്തു നിൽക്കുകയായിരുന്നു അവർ. നേതാവെത്തിയപ്പോൾ ജനങ്ങൾ ആഹ്ലാദത്തിമർപ്പിലായി. മുദ്രാവാക്യങ്ങൾ മുഴക്കിയും പ്ലക്കാർഡുകൾ ഉയർത്തിപ്പിടിച്ചും അവർ നേതാവിനോടുള്ള ആദരവ് പ്രകടിപ്പിച്ചു. മഗ്‌രിബ് ബാങ്ക് മുഴങ്ങുന്നതിനു മുക്കാൽ മണിക്കൂർ മുമ്പ് സ്വതസിദ്ധമയ രീതിയിൽ അദ്ദേഹം പ്രസംഗം തുടങ്ങി. ഈ ദിവസത്തിന്റെ പ്രത്യേകതയെ കുറിച്ചും, പ്രവാചക ദർശനത്തെക്കുറിച്ചും തുടങ്ങിയ പ്രസംഗം തീവ്രവാദവും ജിഹാദും സ്പർശിക്കുകയുണ്ടായി.

ചില പ്രത്യേക വിഭാഗങ്ങൾ ചെയ്യുന്ന അക്രമാസക്തമായ പ്രവർത്തനങ്ങൾ മതവിശ്വാസികൾ ചെയ്യുന്നില്ലായെന്നും അത്തരം പ്രവർത്തനങ്ങൾ അനിസ്‌ലാമികമാണെന്നും ഗദ്ദാഫി ചൂണ്ടിക്കാട്ടി. ഇന്ന് ലോകം ജിഹാദിനെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും സ്വന്തം ശരീരത്തെ തിന്മയിൽ നിന്നും രക്ഷിക്കലാണ് ജിഹാദെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇത്തരം തെറ്റിദ്ധാരണാജനകമായ സാഹചര്യത്തിൽ ലോക മുസ്‌ലിം സമൂഹം ഐക്യപ്പെടുന്നതിനെക്കുറിച്ചും അദ്ദേഹം ശക്തമായി ആഹ്വാനം ചെയ്തു.

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ നിന്നും വന്ന രാഷ്ട്രത്തലവന്മാർ, മതനേതാക്കൾ, സൂഫിവര്യന്മാർ, പ്രവാചക കുടുംബത്തിലെ ഉന്നതർ, പണ്ഡിതന്മാർ, യുവജന പ്രതിനിധികൾ, വിദ്യാർത്ഥികൾക്ക് പുറമെ ലിബിയയിലെ വിവിധ പ്രദേശത്ത് നിന്നും വന്ന ലക്ഷത്തിലധികം പേർ ഈ ആഘോഷത്തിനായി തടിച്ചുകൂടി. മുഅമ്മർ ഗദ്ദാഫിയുടെ പ്രഭാഷണത്തിന് ശേഷം മഗ്‌രിബ് നമസ്കാരത്തിന് നേതൃത്വം നൽകി. ലിബിയൻ തലസ്ഥാനമായ ട്രിപ്പോളിലും മീലാദാഘോഷം നടന്ന ബെൻഗാസിയിലും ആഘോഷത്തിന്റെ ഭാഗമായി പ്രവാചകനെ പ്രകീർത്തിച്ചുകൊണ്ടും മൗലീദ് ദിനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുമൊക്കെ എഴുതിയ കൂറ്റൻ ഫ്ളക്സ് ബോർഡുകളും പോസ്റ്ററുകളും കാണാമായിരുന്നു. മാത്രമല്ല നഗരവീഥികളിലെ കെട്ടിടങ്ങളും വഴിയോരങ്ങളും തോരണങ്ങൾ കൊണ്ടും മിന്നുന്ന ലൈറ്റുകൾ കൊണ്ടും അലങ്കരിച്ചിരുന്നു.







ആരോഗ്യം
ഇഖ്ബാൽ കല്ലുങ്ങൽ

**അജ്ഞത** ഇരുട്ടാണ്, സ്നേഹം തെളിച്ചു വെക്കുക.

എച്ച്ഐവി അണുബാധിതരോട് സ്നേഹം പകരുക എന്ന സന്ദേശമാണിത്.

സമൂഹത്തിൽ സ്വതന്ത്രനായി സ്വത്വബോധത്തോടെ ജീവിക്കുവാൻ എച്ച്ഐവി അണുബാധിതർക്ക് അവസരമൊരുക്കുക എന്നതാണ് ഈ സന്ദേശത്തിന്റെകാതൽ.

ഒരു എച്ച്ഐവി അണുബാധിതനെ സ്പർശിക്കുന്നതോ ഒപ്പമിരുന്ന് ഒരേ പാത്രത്തിൽനിന്ന് ആഹാരംകഴിക്കുന്നതോ അവരുപയോഗിച്ച വസ്ത്രങ്ങൾ ഉപയോഗിക്കുന്നതോ ഈ വൈറസ് പകരുന്നതിന് കാരണമാകുന്നില്ല. നാല് കാര്യങ്ങളിൽകൂടി മാത്രമേ ഒരാൾ എച്ച് ഐവി പോസിറ്റീവ് ആകുന്നുള്ളു: സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, എച്ച്ഐവി അണുബാധയുള്ള രക്തം സ്വീകരിക്കുന്നത്. അണുവിമുക്തമാക്കാത്ത സിറിഞ്ചിന്റെയും സൂചിയുടെയും ഉപയോഗം. എച്ച്ഐവി അണുബാധിതയായ ഗർഭിണിയിൽ നിന്ന് ഗർഭസ്ഥശിശുവിലേക്ക്. നാലിലൊരു കാരണത്താൽ അണുബാധയേൽക്കുന്നവർ വർധിച്ച് വരികയും എയ്ഡ്സ് സമൂഹത്തിനെതിരായ വിപൽക്കരമായ യാഥാർത്ഥ്യമായി മാറുകയുംചെയ്തു കഴിഞ്ഞിരിക്കുന്നു ഇന്ന്. ബോധവൽക്കരണവും പ്രതിരോധ ശ്രമങ്ങളും അതിനാൽ ഏറെ അനിവാര്യവുമായിത്തീർന്നു കഴിഞ്ഞു.

ഇന്ത്യൻ റെയിൽവേയും ദേശീയഎയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും ചേർന്ന് നടത്തിവരുന്ന റെഡ് റിബ്ബൺ ഏറെ പ്രസക്തമാവുന്നത് ഈ പശ്ചാത്തലത്തിലാണ്. ബോധവൽക്കരണമാണ് എയ്ഡ്സ് വിപത്തിനെതിരെയുള്ള ഏറ്റവും മുഖ്യമെന്ന അജണ്ടയുമായി കാൽലക്ഷം കിലോമീറ്റർ പിന്നിട്ട ട്രെയിൻ പ്രദർശനം ഇന്ത്യയിൽ ഇന്നേവരെ നടന്ന ശക്തമായ ബോധവൽക്കരണപ്രദർശനമായിരിക്കുകയാണ്. എയ്ഡ്സിനെതിരെ ഇന്ത്യയെ ഒന്നിപ്പക്കുക എന്നതാണ് ഈ പ്രയാണത്തിന്റെ ലക്ഷ്യം. ഏറ്റവും ഫലപ്രദവും ഉചിതവുമായ അർത്ഥത്തിൽ ഇന്ത്യയെ ബന്ധിപ്പിക്കുന്നത് റെയിൽ പാളങ്ങളാണെന്നും അതുകൊണ്ടാണ് ഈ ദൗത്യത്തിൽ റെയിൽവെ മുഖ്യപങ്ക് വഹിക്കുന്നതെന്നും റെയിൽവെ സഹമന്ത്രി ഇ.അഹമ്മദ് പറയുന്നു.

കേരളത്തിൽ എച്ച്ഐവി അണു ബാധിതരുടെ എണ്ണം അരലക്ഷം കവിഞ്ഞിട്ടുണ്ട്. എച്ച് ഐവി അണുബാധിതരും എയ്ഡ്സ് ബാധിതരുമായി 55.167 പേർ ഉണ്ടെന്നാണ് സംസ്ഥാനത്തെ പുതിയ കണക്ക്. കേരളത്തിലെ മുതിർന്നവർക്കിടയിൽ എച്ച്ഐവി അണുബാധ 0.26 ശതമാനമാണ്. ഇന്ത്യയിലൊട്ടാകെയുള്ള കണക്കെടുപ്പിൽ ഇത് 0.34 ശതമാനമാണ്. 2009 ഒക്ടോബർ വരെ 11024 എച്ച്ഐവി അണുബാധിതരാണ് കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കീഴിലുള്ള എആർടി ചികിൽസാ കേന്ദ്രങ്ങളായ ഉഷസ് കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്തത്. ഇപ്പോൾ എആർടി ചികിൽസയിലുള്ളവർ 4018 പേരാണ്. എആർടി കേന്ദ്രങ്ങളിൽ രജിസ്റ്റർ ചെയ്ത എച്ച്ഐവി അണുബാധിതരിൽ 950 പേർ ഇതിനകം മരണപ്പെട്ടതായും എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയുടെ കണക്കിൽ പറയുന്നു.

1981ൽ അമേരിക്കയിലെ കാലിഫോർണിയ നഗരത്തിൽ ഡോക്ടർമാർ പ്രത്യേത തരം രോഗാവസ്ഥ മനുഷ്യരിൽ കണ്ടെത്തിയതോടെയാണ് എയ്ഡ്സ് എന്ന മഹാമാരിയെ മനുഷ്യരാശി തിരിച്ചറിയുന്നത്. രോഗ പ്രതിരോധ ശേഷി ക്രമാതീതമായി കുറഞ്ഞുപോകുന്ന, അവസരങ്ങൾക്കൊത്ത് പലതരം രോഗങ്ങൾ ബാധിക്കുന്ന അത്യന്തം ഗുരുതരമായ ഒരു രോഗമായിരുന്നു അത്. സ്വവർഗരതിക്കാരായ പുരുഷൻമാരിലാണ് എയ്ഡ്സ് ആദ്യമായി കണ്ടെത്തിയത്. സ്വവർഗരതിക്കാരായ പുരുഷൻമാരുടെ ഒരു പ്രത്യേക രോഗമായി ഇതിനെ ആദ്യകാലത്തിൽ കണക്കാക്കിയിരുന്നു. പിന്നീട് സ്ത്രീകളിലും പുരുഷൻമാരിലും കുഞ്ഞുങ്ങളിലും ഇത് കണ്ടെത്തി. ഇത് ഒരു വൈറസ് (അണു) മൂലമുള്ള രോഗമാണെന്ന് തുടർന്നുള്ള പരീക്ഷണങ്ങളിൽ തെളിഞ്ഞു. രോഗാവസ്ഥയെ അക്വേർഡ് ഇമ്മ്യൂണോ ഡെഫിഷൻസി സിൻഡ്രോം (എയ്ഡ്സ്) എന്നും വൈറസിനെ ഹ്യൂമൻ ഇമ്മ്യൂണോ ഡെഫിഷൻസി വൈറസ് (എച്ച്ഐവി) എന്നും നാമകരണം ചെയ്തു.

1983-ൽ ഈ രോഗമുണ്ടാക്കുന്ന റിട്രോവൈറസ് ഇനത്തിൽ പെട്ട രോഗാണുവിനെ വേർതിരിച്ചെടുക്കാൻ കഴിഞ്ഞു. ക്രമാതീതമായ വേഗത്തിലാണ് എച്ച്ഐവി അണുബാധ ലോകമെമ്പാടും പരക്കുന്നത്. പ്രതിവർഷം 5 ദശലക്ഷം പുതിയ അണുബാധിതർ ഉണ്ടാകുന്നു. എച്ച്ഐവിയെ പ്രതിരോധിക്കാനോ ചികിൽസിച്ച് ഭേദമാക്കാനോ കഴിയുന്ന മരുന്നുകൾ ഇന്ന് വരെ കണ്ടെത്താൻ ശാസ്ത്രത്തിന് കഴിഞ്ഞിട്ടല്ല.

ഗർഭിണികളുടെ ഇടയിലും അണുബാധ സാധ്യത കൂടുതലുള്ള വിഭാഗങ്ങളുടെ ഇടയിലും നടത്തുന്ന സെന്റിനേൽ സാമ്പിൾ സർവേകളുടെ അടിസ്ഥാനത്തിലാണ് അണുബാധ സാധ്യത വിലയിരുത്തുന്നത്. ഗർഭിണികളുടെ ഇടയിൽ ഒരു ശതമാനത്തിൽ താഴെയും അണുബാധ സാധ്യത കൂടുതലുള്ള പ്രത്യക വിഭാഗങ്ങളുടെയിടയിൽ 5 ശതമാനത്തിൽ താഴെയുമാണ് കണക്കാക്കുന്നത്. കേരളം എച്ച്ഐവി എയ്ഡ്സ് ഭീഷണയുടെ എണ്ണത്തിൽ താരതമ്യേന സുരക്ഷിതമാണെങ്കിലും ഭീഷണികൾ വർധിക്കുന്നതായി പഠന റിപ്പോർട്ടിലുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ മയക്കുമരുന്ന് കുത്തിവെക്കുന്നവർക്കിടിയിലുള്ള അണുബാധ 5 ശതമാനത്തിന് മുകളിലെത്തിയത് ഗൗരവതരമാണ്. അതേ സമയം 55.167 എച്ച്ഐവി ബാധിതരിൽ 11024 പേർ മാത്രമാണ് ആരോഗ്യസേവന കേന്ദ്രങ്ങളിലൂടെയുള്ള പരിശോധനയിൽ അണുബാധിതരാണെന്ന് മനസിലാക്കിയിട്ടുള്ളത്. അവശേഷിക്കുന്നവർ തങ്ങളുടെ അവസ്ഥ മനസിലാക്കാതെ സമൂഹത്തിൽ കഴിയുന്നുവെന്ന് എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി പറയുന്നു.

ഇന്ത്യയിൽ 24.7 ലക്ഷം എച്ച്ഐവി അണുബാധിതരുള്ളതായാണ് കണക്ക്. ഇതിൽ 88.7 ശതമാനവും 15നും 49നും ഇടയിൽ പ്രായമുള്ളവരാണ്. നലവിൽ രാജ്യത്ത് 7,58698 എച്ച്ഐവി ബാധികർ എയ്ഡ്സ് നിയന്ത്രണ സംവിധാനത്തിന്റെ കീഴിൽ ചികിൽസയിലുണ്ട്,.

ലോകത്ത് 3.32 കോടി ജനങ്ങൾ എച്ച്ഐവി അണുബാധിതരായുണ്ട്. ഓരോ ദിവസവും ലോകത്തെങ്ങുമായി 7400 പേർ പുതുതായി അണുബാധിതരാവുന്നു. 40 ലക്ഷം പേർക്ക് ചികിൽസ ലഭിക്കുന്നുണ്ട്. 97 ലക്ഷം പേർക്ക് ഇനിയും ചികിൽസ ലഭിക്കേണ്ടതുണ്ട്.

## ബോധവൽക്കരണം പാളങ്ങളിൽ

ഇതിനകം 180 ജില്ലകൾ സന്ദർശിച്ച റെഡ്റിബ്ബൺ എക്സ്പ്രസ് ട്രെയിൻ 62 ലക്ഷത്തിലധികം ജനങ്ങൾക്ക് എച്ച്ഐവി എയ്ഡ്സ് നിയന്ത്രണ സന്ദേശങ്ങൾ നേരിട്ടെത്തിച്ചു. 160 ജില്ലകളിലായി 10000 ഗ്രാമങ്ങളിലൂടെ റെഡ് റിബ്ബൺ സഞ്ചരിച്ചു.

ആകെ പത്ത് കോച്ചുകളടങ്ങിയതാണ് റെഡ് റിബ്ബൺ എക്സ്പ്രസ്. ഒന്നാമത്തെ കോച്ചിൽ എച്ച്ഐവി എയ്ഡ്സിനെ സംബന്ധിച്ച വിദ്യാഭ്യാസ ഉപാധികളോടെ പ്രദർശനം, പൊതുജനങ്ങളുമായി സംവദിക്കുന്ന ടച്ച് സ്ക്രീനുകൾ, ത്രിമാന മാതൃകകൾ എന്നിവയും രണ്ടാം കോച്ചിൽ എച്ച്ഐവി എയ്ഡ്സിനെ നിയന്ത്രിക്കുന്നതിനുള്ള സേവനങ്ങളെ പറ്റിയുള്ള പ്രദർശനവും നടത്തുന്നു.

മൂന്നാമത്തെ കോച്ചിൽ എച്ച്ഐവി എയ്ഡ്സ് നിയന്ത്രണം ഒരു സാമൂഹിക വിഷയമെന്ന നിലയിൽ പരിചയപ്പെടുത്തുകയും മറ്റുള്ള വകുപ്പുകളുടെ ഉത്തരവാദിത്വത്തങ്ങൾ പ്രതിപാദിക്കുകയും ചെയ്യുന്നു. നാലാമത്തെ കോച്ചിൽ പൊതുജനാരോഗ്യത്തെ പറ്റിയുള്ള അറിവുകൾ നൽകുന്ന സാംക്രമിക രോഗങ്ങളെ വിശദീകരിക്കുന്നതുമായ പ്രദർശനവും ഒരുക്കിയിട്ടുണ്ട്. അഞ്ചാമത്തെ കോച്ചിൽ ഓഡിറ്റോറിയവും കോൺഫറൻസ് ഹാളും ഒരുക്കിയിട്ടുണ്ട്. ഇതിൽ, വിവിധ മേഖലകളിലുള്ളവർക്ക് പരിശിലനം നൽകുന്നു. എൽ.സി.ഡി പ്രൊജക്ടറും കമ്പ്യൂട്ടർ സൗകര്യവും ഈ കോച്ചിലുണ്ട്. ആറാമത്തെ കോച്ചിൽ കൗൺസിലിംഗും വൈദ്യസഹായവും നൽകുന്നു. ആറു ക്യാബിനുകളാണ് ഇതിലുള്ളത്. നാല് കൗൺസിലിംഗ് ക്യാബിനുകളും ഡോക്ടർമാരുടെ രണ്ട് ക്യാബിനുകളും ഇതിൽ ഉൾപ്പെടും. ആവശ്യമുള്ളവർക്ക് ജനനേന്ദ്രീയ രോഗ നിവാരണത്തിനുള്ള ചികിൽസയും നൽകും.

ഫെബ്രുവരി 23ന് തുടങ്ങി മാർച്ച് 12 ന് സമാപിക്കുന്ന രീതിയിലാണ് കേരളത്തിലെ ഷെഡ്യൂൾ നിശ്ചയിച്ചത്. മലപ്പുറം ജില്ലയിലെ പ്രദർശനത്തിൽ വിളംബര റാലികളും സാംസ്കാരിക കൂട്ടായ്മയും യുവജനകൂട്ടായ്മയും ക്യാൻവാസ് ചിത്രപ്രദർശനവും ശ്രദ്ധേയമായി.

കഴിഞ്ഞ ഡിസംബർ ഒന്നിന് യുപിഎ അധ്യക്ഷ സോണിയാ ഗാന്ധി ഫ്ളാഗ് ഓഫ് ചെയ്തതാണ് എക്സ്പ്രസ്. യാത്രയുടെ ഒന്നാം ഘട്ടം 2007 ഡിസംബറിൽ തുടങ്ങി 2008 ഡിസമ്പറിൽ അവസാനിച്ചിരുന്നു. കേരളത്തിൽ അന്ന് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, ഷൊർണൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിലാണ് പര്യടനം. മഹാവിപത്തിനെതിരെ ബോധവൽക്കരണ സന്ദേശം എന്ന മഹാ ദൗത്യവുമായി ഇന്ത്യൻ റെയിൽവേയുടെ റെഡ് റിബ്ബൺ എക്സ്പ്രസ് മുന്നോട്ടു കുതിക്കുക തന്നെയാണ്.

# രോഗപ്രതിരോധത്തിന്റെ പാളങ്ങൾ




